പ്രിയപ്പെട്ടവരേ...

പെന്തകുസ്ത തിരുന്നാളിനുള്ള തയ്യാറെടുപ്പിൽ ആണല്ലോ നമ്മൾ എല്ലാം. ഓരോ ജീസസ് യൂത്തും പെന്തകുസ്തയുടെ ചൈതന്യത്തിൽ നവീകൃതരായി ക്രിസ്തുവിൽ പടുത്തു ഉയർത്തപ്പെട്ടവരായി ജീവിക്കുന്നവരാണ്. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ കാനോനിക്കൽ അംഗീകാരം ഉൾപ്പെടെ നമ്മുടെ മുന്നേറ്റത്തിൽ വന്ന മാറ്റങ്ങളിൽ സുപ്രധാനമാണ് നിയതവും ക്രമീകൃതവുമായി നമ്മൾ ചെയുന്ന ജീസ്സസ് യൂത്ത് സമർപ്പണ പ്രക്രിയ. പെന്തകുസ്ത ദിനത്തിൽ അതത് സോണുകളിലെ നിയോഗിക്കപ്പെട്ട സ്ഥലത്ത് എല്ലാ ജീസസ് യൂത്തും ഒന്നിച്ചു ചേരുകയും പ്രാർത്ഥിക്കുകയും ചെയുന്നു. പ്രാർത്ഥനയുടെ ഒടുവിൽ മുന്നേറ്റത്തിൽ ആയിരിക്കുവാനും ചേർന്ന് സഞ്ചരിക്കുവാനും നമ്മൾ കാണിക്കുന്ന തുറവിയുടെയും സമർപ്പണത്തിന്റെയും പ്രകടിത രൂപമാണ് പ്രതിജ്ഞ രേഖപ്പെടുത്തൽ ചടങ്ങുകൾ. സമർപ്പണത്തിന്റെ ഭാഗമായി മൂന്നുതലങ്ങളിലുള്ള നമ്മളുടെ നിലനിൽപ്പും പങ്കാളിത്തവും കാർത്തൃ സന്നിധിയിൽ ഏറ്റുപറയുന്നു.

അവ;

1. ആറു സ്തൂപങ്ങളിൽ അധിഷ്ഠിതമായ ജീവിതശൈലി പിന്തുടർന്ന് കൊള്ളാം
2. മുന്നേറ്റം ഒരുക്കുന്ന രൂപവത്കരണ പ്രക്രിയയോടെ തുറവി ഉള്ളവരായിക്കൊള്ളാം
3. ജീസസ് യൂത്ത് അനുദിന പ്രാർത്ഥന സാധിക്കുന്ന അത്രയും ദിവങ്ങളിൽ ചൊല്ലുന്നതായിരിക്കും.

ഇതിൽ രണ്ടാമതായി ഏറ്റുപറയുന്ന ഘടകത്തിൽ നമ്മൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സമർപ്പണം നടത്തുന്ന വ്യക്തികൾ ഫിലിപ്പ് കോഴ്സിൽ തുടങ്ങുന്ന രൂപവത്കരണ പ്രക്രിയയിൽ സംബന്ധിക്കാൻ സന്നദ്ധത കാണിക്കേണ്ടതാണ്. ഫിലിപ് കോഴ്സ്, പോൾ കോഴ്സ്, എമ്മാവൂസ് കോഴ്സ്, സ്റ്റുവർട്ഷിപ് കോഴ്സ് എന്നീ നാല് പ്രാഥമീക കോഴ്സുകൾക്ക് ശേഷമാണ് ഇപ്പോൾ നമ്മൾ എടുക്കുന്ന പ്രൊവിഷണൽ കമ്മിറ്റ്മെന്റിൽ നിന്നും പെർമനെന്റ് കമ്മിറ്റ്മെന്റ് സ്റ്റേജിലേക്ക് പ്രവേശിക്കുക. ഇക്കാര്യം പ്രത്യേകം ഓർമിക്കുമല്ലോ...

സമർപ്പണദിനം ആചരിക്കാൻ തുടങ്ങിയിട്ട് ഇത് മൂന്നാമത്തെ വർഷമാണ്. ഒരു വർഷം സമർപ്പണം നടത്തിയ വ്യക്തി അടുത്ത വർഷം തങ്ങളെ മുന്നേറ്റത്തിനോട് ചേർത്ത് പുനഃരർപ്പണം ചെയ്യുന്നു. അതിനാൽ തന്നെ സമർപ്പണ ദിന പ്രക്രിയയെയും അതിൽ ഏറ്റുപറയുന്ന പ്രതിജ്ഞ വാചകത്തെയും പൂർണ്ണ ഉത്തരവാദിത്തത്തോടെ നിറവേറ്റുവാൻ നമുക്കുള്ള കർത്തവ്യം വിസ്മരിച്ചുകൂടാ..

യഥാർത്ഥത്തിൽ ഓരോ ജീസസ് യൂത്തും ഇതുവഴി മുന്നേറ്റത്തോട് ചേർന്ന് മുദ്രവയ്ക്കപ്പെടുന്നു. എത്ര മനോഹരമായ അവസ്ഥ. ക്രിസ്തുവിനെ അറിയാനും അനുഭവിച്ചു ജീവിക്കാനും നമ്മെ പ്രാപ്തമാക്കിയ മുന്നേറ്റത്തോട് ചേർത്ത് നമ്മെ തന്നെ മുദ്രണം ചെയുന്ന ദിനമാണ് ഈ പെന്തകുസ്ത തിരുന്നാൾ.

പ്രായപൂർത്തിയായ, ഒരുവർഷം എങ്കിലും മുന്നേറ്റത്തോടൊപ്പം സഞ്ചരിക്കാൻ തുടങ്ങിയ ഏതു വ്യക്തിക്കും ഈ ദിനം കമ്മിറ്റ്മെന്റ് എടുക്കാവുന്നതാണ്.

പരിശുദ്ധാത്മാവിന്റെ നൊവേന 9 ദിവസം പ്രാർത്ഥിച്ച് നവനാൾ ദിനത്തിൽ പ്രാർത്ഥന ചൈതന്യത്തിൽ നമ്മെ തന്നെ സമർപ്പിക്കുന്ന ഈ ആത്മീയ ശുശ്രുഷയെ അതിന്റെ എല്ലാ വിശുദ്ധിയോടെയും സമീപിക്കാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സോണിലേ മുഴുവൻ ജീസസ് യൂത്തിനും അവകാശപ്പെട്ട ഈ ദിനം പരസ്പരം അറിയിച്ചും ഇതിലേക്ക് സ്വാഗതം ചെയ്തും ഈ ദിവസം ആഘോഷമാക്കാം..